# കൊച്ചു പട്ടം

11046



LITTLE KITEs  G H S S CHEMNAD

# താളുകൾക്കള്ളിൽ


സംസ്കൃത ഭാഷ.....ഹിത........................................6

MY PAINTINGS ...Muhammed Faizal........................................7

മിനിക്കഥകൾ ജയശ്രീ.പി.പി........................................10

MY ALBUM -VISHRUTHA 9A........................................12

MY ALBUM ANUSHREE 9C........................................13

എന്റെ ക്യാമ്പ് അനുഭവം...RANIYA 9C........................................15

കുട്ടിപ്പട്ടങ്ങൾ' ഓർമകളിലൂടെ....ARCHANA DAS........................................17

ഇഴപിരിഞ്ഞ ജീവിതം ------ Anjusha.k........................................20

ഇര........ശ്രീരഞ്ജിനി........................................23

അമ്മയെന്ന പ്രപഞ്ചസത്യം........................................25

അനുശ്രീ.കെ 8 - C........................................25



## ചന്ദ്രശേഖരൻ കുളങ്ങര

## ( PTA പ്രെസിഡന്റ് )

GHSS ചെമ്മനാട് എന്ന പരവനടുക്കത്ത് സ്ഥിതി ചെയ്യുന്ന ഈ മഹത്തായ വിദ്യാലയം ഒരുപാട് മഹനീയ വ്യകതിത്ത്വങ്ങൾക്ക് വിദ്യ പകർന്ന് നൽകുകയും ഒരു നാടിന്റെ വിദ്യാഭ്യസ സാമൂഹിക, സാംസ്കാരിക മേഘലകൾക്ക് വെളിച്ചമായി എന്നും നിലനിൽക്കുന്നു .ഈ വിദ്യാലയത്തിലെ 'ലിറ്റിൽ കൈറ്റ്സ്. എന്ന കുട്ടികളുടെ ക്ലബ്ബിലൂടെ വിദ്യാത്ഥികളിലെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തുകയും അതിനെ പരിപോശിപ്പിക്കുകയും ചെയ്യുന്ന'ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

RAJEEVAN M
(HEAD MASTER)



ജി എച്ച് എസ് എസ് ചെമ്മനാടിന്റെ ലിറ്റിൽ കൈറ്റ് യൂണിറ്റ് സ്കൂളിന്റെ 2019- 20 വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് വളരെ മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ്. ഈ ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റിന്റെ അധ്യാപകരേയും കുട്ടികളേയും അഭിനന്ദിക്കുന്നതോടൊപ്പം, ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു

## JYOTHI JOSEPH
(LITTLE KITEs MISTRESS)



വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് വലിയൊരു കുതിച്ചു ചാട്ടം നടക്കുന്ന കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സാങ്കേതിക പ 0 നത്തിന്റെ സാധ്യതകൾ ഓരോ കുട്ടിക്കും പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നത്. ഈ കൂട്ടായ്മയുടെ പ്രസിദ്ധീകരണമായ 2019 -20 അധ്യയന വർഷത്തെ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

ജി എച്ച് എസ് എസ് ചെമ്മനാടിന്റെ ലിറ്റിൽ കൈറ്റ് യൂണിറ്റ് സ്കൂളിന്റെ 2019- 20 വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് വളരെ മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ്. ഈ ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റിന്റെ അധ്യാപകരേയും കുട്ടികളേയും അഭിനന്ദിക്കുന്നതോടൊപ്പം, ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്ന

ജി എച്ച് എസ് എസ് ചെമ്മനാടിന്റെ ലിറ്റിൽ കൈറ്റ് യൂണിറ്റ് സ്കൂളിന്റെ 2019- 20 വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് വളരെ മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ്. ഈ ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റിന്റെ അധ്യാപകരേയും കുട്ടികളേയും അഭിനന്ദിക്കുന്നതോടൊപ്പം, ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്ന

# സംസ്കൃത ഭാഷ.....ഹിത



പ്രാചീന ഭാഷകളിൽ ഒന്നാമത്തേതാണ് സംസ്കൃതഭാഷ . മലയാളം ,കന്നട ഭാഷകളിലുള്ള പലവാക്കുകളും സംസ്കൃതഭാഷയിലുള്ളതാണ്. സംസ്കൃതഭാഷയുടെ മറ്റൊരു പേരാണ് 'ഗീര്വാലണ ഭാഷ '. സംസ്കൃതഭാഷയുടെ ലിപി ദേവനാഗരി ലിപിയാണ്.കാളിദാസൻ, വ്യാസൻ, ഭാസൻ തുടങ്ങിയ പല പ്രഗത്ഭരും സംസ്കൃതഭാഷയിലാണ് കാവ്യങ്ങൾ രചിച്ചിട്ടുള്ളത്. ഇവരുടെ കൃതികൾ മഹത്തരങ്ങളുമാണ്. വര്ഷരങ്ങള്ക്ക് മുമ്പ് സമൂഹത്തില്ബ്രാ ഹ്മണര്മാുത്രമേ സംസ്കൃതം പഠിച്ചിരുന്നുള്ളൂ.പക്ഷേ ഇന്ന് ജാതിഭേതങ്ങളില്ലാതെ എല്ലാവരും സംസ്കൃതം പഠിക്കുന്നു. സംസ്കൃത പ്രഥാനഭാഗം എന്ന് പറയുന്നത് വ്യാകരണമാണ്.ഇത് രചിച്ചിട്ടുള്ളത് പാണിനിയാണ്. ഈ വ്യാകരണത്തെ അഷ്ടാധ്യായി എന്നും പറയുന്നു.സംസ്കതത്തിലെ വ്യാകരണങ്ങൾ എങ്ങിനെ വന്നു എന്നതിന് ഒരു കഥതന്നെയുണ്ട്. സഹപാഠികളായിരുന്ന പാണിനിയും വരരുചിയും.പഠിക്കാൻ മണ്ടനായ പാണിനിയെ എന്നും വരരുചി കളിയാക്കും.കളിയാക്കലിൽ മടുത്ത പാണിനി ശിവനെ തപസ്സുചെയ്തു.ഘോരമായ തപസ്സിനൊടുവിൽ ശിവൻ പ്രത്യക്ഷപ്പെടുകയും അവസാനം ശിവന്റെയകയ്യിലുള്ള ഡമരുവില്നിശന്ന് വന്നശബ്ദം പാണിനിക്ക് വാക്കുകളായി തോന്നുകയും അന്നുതന്നെ പാണിനി വ്യാകരണ സൂത്രം എഴുതുകയും ചെയ്തു എന്നതാണ് കഥ. അമരവാണിയായ ഈ ഭാഷയെ ഇന്ന് പലരും മൃതഭാഷ എന്ന് പറയുന്നു.ഒരിക്കലുമല്ല സംസ്കൃതഭാഷ മൃതഭാഷയല്ല, ഇത് അമൃതഭാഷയാണ്.ദേവവാണിയാണ്.

"അമൃതവാണി സംസ്കൃതഭാഷ


നൈവ ക്ലിഷ്ടാ നചകഠിനാ "

**MY PAINTINGS ...Muhammed Faizal**








MFA
26-10-19





# മിനിക്കഥകൾ

ജയശ്രീ.പി.പി



## ആശ്വാസം

എത്ര സമർഥമായാണ് എന്റെ മുന്നിൽ വച്ച് അവൾ
കോപ്പിയടിച്ചത്.........
പക്ഷേ ഒരു കാഴ്ചക്കാരിക്കപ്പുറം അവളെ ഒന്നും ചെയ്യാൻ
എനിക്ക് തോന്നിയില്ല ...
പരീക്ഷാ ഹാളിൽ നിന്നും പുറത്തിറങ്ങിയപ്പോൾ
എന്തൊരാശ്വാസമായിരുന്നു....
ആത്മഹത്യയിൽ നിന്ന് അവളും..
നിയമക്കുരുക്കിൽ നിന്ന് ഞാനും...
രക്ഷപ്പെട്ടില്ലേ .......!!!
മിനിക്കഥ

## കാക്ക വിചാരം

നേരം പുലർന്നില്ല. അതിന് മുന്നേ തുടങ്ങി......
ക്റാ...... ക്റാ.... ക്റാ....
അ ശ്രീകരം ......
അടുക്കള വാതിൽ തുറന്ന് കയ്യിൽ കിട്ടിയ ചിരട്ടയെടുത്ത്
ഊക്കിനൊരേറ്........
ഉന്നം പിഴച്ചില്ല. ഏറ് കൊക്കിന് തന്നെ കൊണ്ടു..... !
പേടിച്ചരണ്ട കാക്ക മരക്കൊമ്പിൽ അഭയം തേടി..
ഉരുളച്ചോറും പായസവും നൽകി ഇന്നലെ എന്നെ
വല്ലാതെ സ്നേഹിച്ച ഇവർക്ക് എത്ര പെട്ടെന്നാണ് തന്നെ
എറിഞ്ഞോടിക്കാൻ തോന്നിയത്...........!!!

## അയലത്തെ അനുജൻ

ഉറക്കത്തിൽ നിന്നും പെട്ടെന്നാണ് ഞെട്ടിയുണർന്നത്...
മുൻവശത്തെന്തോ അനക്കം കേൾക്കുന്നു ...
വല്ലാതെ പേടിയാവുന്നു..
ഈ അസമയത്ത് ആരെ വിളിക്കും...?
അയൽവീട്ടിലെ അനുജന്റെ നമ്പറാണ് പെട്ടെന്ന് ഓർമ വന്നത്.
ഒച്ചയുണ്ടാക്കാതെ അവന്റെ നമ്പർ ഡയൽ ചെയ്തു.
ഭാഗ്യം റിങ്ങ് ചെയ്യുന്നുണ്ട്.
പക്ഷേ അത് എന്റെ വീടിന്റെ മുൻവശത്ത് നിന്നായിരുന്നു......!' !!

## ചിരിക്കുന്നതാര്......?

തെരുവിൽ യുദ്ധം
കൊഴുക്കുകയാണ്.......
ശരണം വിളികൾ.. കൊലവിളികൾ.....
കല്ലേറ് ... ബോംബേറ്...
വെടിവയ്പ്... തീവയ്പ്... ഹൊ !!
പക്ഷേ ഇതിനിടയ്ക്ക് ആരൊക്കെയോ
പൊട്ടിച്ചിരിക്കുന്നതും
കേൾക്കുന്നുണ്ടല്ലോ....!
ആരായിരിക്കും....??
ഒത്തിരി നേരം അന്വേഷിച്ചാണ്
അവരെ കണ്ടെത്തിയത്
മാറാല പിടിച്ച
അലമാരകൾക്കകത്തിരുന്ന്
തെരുവ് കാഴ്ചകൾ നോക്കി
പൊട്ടിച്ചിരിക്കുന്ന
പുസ്തക കൂട്ടങ്ങളെ .......!!!

## വൈറൽ

മരണ വേഗത്തിൽ പാഞ്ഞു വന്ന വണ്ടിയിടിച്ചാണ് പാലത്തിൻ മുകളിൽ
നിന്നും ആ പെൺകുട്ടി ആറ്റിലേക്ക് തെറിച്ച് വീണത്.. .........
അത് കണ്ട വഴിയാത്രക്കാരൻ അവളെ രക്ഷിക്കാനായിരുന്നു ആറ്റിലേക്ക്
ചാടിയത്.....
പക്ഷേ ... അപ്പോഴേക്കും
'കമിതാക്കൾ ആത്മഹത്യ ചെയ്തു' എന്ന വാർത്ത വൈറലായിക്കഴിഞ്ഞിരുന്നു...!!

## പോരാളി


വാൾത്തലയുടെ മൂർച്ചയിൽ തന്റെ കൈവിരലുകൾ ഓരോന്നായി ശത്രുക്കൾ അരിഞ്ഞ് വീഴ്ത്തിയപ്പോഴും അയാൾക്ക് തെല്ലും വേദനിച്ചില്ല ..
കാരണം അതിനേക്കാൾ മൂർച്ചയേന്തിയ ആയുധവുമായി അടർക്കളത്തിലിറങ്ങിയ പോരാളിയായിരുന്നു അയാൾ.......

# MY ALBUM -VISHRUTHA 9A



**MY ALBUM ANUSHREE 9C**





PRAJWAL










## എന്റെ ക്യാമ്പ് അനുഭവം...RANIYA 9C

ഞാൻ ഒമ്പതാംക്ലാസ് ലിറ്റിൽ കൈറ്റ്സ് അംഗമാണ്. ആയതിനാൽ ഞാൻ വീട്ടിൽ കേട്ട സബ്ജില്ലാ ക്യാമ്പിന് പോകാൻ ഇടയായി. ഞാൻ ആനിമേഷൻ വിഭാഗത്തിലായിരുന്ന പോയത്. ഞങ്ങൾ എട്ടു പേരാണ് ക്യാമ്പിൽ പങ്കെടുത്തത്. നാലുപേർ ആനിമേഷൻ വിഭാഗവും നാലുപേർ സ്ക്രാച്ച് പ്രോഗ്രാമിങ് ഭാഗവുമായിരുന്നു. 22 23 വ്യാഴം വെള്ളി എന്നീ ദിവസങ്ങളിൽ ആയിരുന്ന ക്യാമ്പ്. ആ ദിവസം രാവിലെ എഴുന്നേറ്റത് തന്നെ വളരെ

പേടിയില്ലായിരുന്നു. ക്യാമ്പിന് പോയി അവിടെനിന്ന് ഞാനെന്തു ചെയ്യും എന്നൊക്കെ ആയിരുന്നു എന്റെ പേടി. 9 മണി ആകുമ്പോഴേക്കും ഞാൻ സ്കൂളിൽ എത്തിയിരുന്നു. അവിടെ നിന്ന് എല്ലാവരും ഓരോന്ന് വിധം ലാപ്ടോപ് എടുത്തിരുന്നു. ശിക്ഷയിൽ ആയിരുന്നു യാത്ര. യാത്ര പോകുമ്പോൾ അത്ര പേടി അറിഞ്ഞില്ല. തമാശ പറഞ്ഞ് ചിരിച്ചു കൊണ്ടായിരുന്നു പോയിരുന്നത്. ആ സ്കൂളിൽ എത്തിയപ്പോൾ നമ്മളെപ്പോലെ തന്നെ ക്യാമ്പിൽ പങ്കെടുക്കാൻ വന്ന ഒരുപാട് പേർ ഉണ്ടായിരുന്നു വിവിധ സ്കൂളുകളിൽ നിന്ന് വന്ന് വിവിധതരം വിഭാഗത്തിൽപ്പെട്ടവർ.	ആദ്യ ദിവസം ഞങ്ങൾക്ക് ക്ലാസെടുത്തത് നാലാം വാർഡ് സ്കൂളിലെ ഒരു മാഷാണ്. മാഷ് വളരെ പാവമാണ്. ഞങ്ങൾക്ക് ആദ്യ ഇൻട്രൊഡക്ഷൻ ഒക്കെയായി വളരെ രസകരമായി തുടങ്ങി. അതിൽ ഏറ്റവും രസകരമായിരുന്നു ഒരു മനുഷ്യന്റെ രൂപത്തിലേക്ക് ഒരു ഗോറിയുടെ മുഖം കൊണ്ടുവരിക എന്നത്. അവർ പറഞ്ഞു തരുകയും ചെയ്തു ഇത് മറ്റുള്ളവരുടെ ഫോട്ടോയിൽ വെച്ച് ചെയ്യുമ്പോൾ അത് സൈബർ സുരേഷ്അവർ പറഞ്ഞു തരുകയും ചെയ്തു ഇത് മറ്റുള്ളവരുടെ ഫോട്ടോയിൽ വെച്ച് ഇങ്ങനെ ചെയ്യാൻ പാടില്ല എന്നും അഥവാ ചെയ്യുകയാണെങ്കിൽ അത് സൈബർ കുറ്റകൃത്യമായി മാറുമെന്നും അവർ പറഞ്ഞു. ഒരു തമാശയ്ക്ക് നമ്മൾ ഇവിടെ ഇപ്പോ ഇൻട്രൊഡക്ഷൻ ആയി ചെയ്തതാണെന്നും പറഞ്ഞുതന്നു. അതിനുശേഷം പക്ഷി പറക്കുന്നത് പോലെയുള്ള ഒരു ആനിമേഷനും ഒരു കുട്ടി മത്സരത്തിൽ ഓടുന്നത് പോലൊരു അന്വേഷണം അങ്ങനെ ഒരുപാട് കാര്യങ്ങൾ ചെയ്തു. അവിടെനിന്ന് ചെയ്തപ്പോഴേക്കും മനസ്സിന് സമാധാനം ആയി. പേടി മാറിയിരുന്നു. അന്ന് ഞങ്ങൾക്ക് ഒരു ആനിമേഷൻ ഹോംവർക്ക് ആയി തന്നിരുന്നു. വീട്ടിൽ വന്ന ഉടനെ തന്നെ ലാപ്ടോപ്പിന് മുമ്പിലായിരുന്നു ഞാൻ അത് നല്ലതുപോലെ ചെയ്തു. പിറ്റേദിവസം പ്രസന്റ് ചെയ്തിരുന്നു.	ക്യാമ്പിലെ രണ്ടാം ദിവസത്തിൽ ഞാൻ വളരെ സന്തോഷത്തോടെയാണ് പോയത്. അന്ന് ഞങ്ങൾക്ക് ഒഡാസിറ്റി ബ്ലെൻഡർ എന്നിവയൊക്കെ വളരെ മനോഹരമായി പഠിപ്പിച്ചു തന്നിരുന്നു. അവൽ ഏറ്റവും അത്ഭുതപ്പെടുത്തിയ ബ്ലെൻഡർ ആയിരുന്നു. ഫിലിം വീഡിയോയും എല്ലാം കാണുന്നതുപോലെ ഒരു തലക്കെട്ടിനെ ചെരിഞ്ഞും മറിഞ്ഞും തലതിരിഞ്ഞു കാണിക്കുന്ന ഒരു വിധം. ക്യാമ്പിലെ രണ്ടാം ദിവസത്തിൽ നിന്ന് ജില്ലാ ക്യാമ്പിലേക്ക് ഉള്ള ആൾക്കാരെ തെരഞ്ഞെടുക്കുന്നതാണ്. അതിനാൽ ഞങ്ങൾ ചെയ്ത പ്രവർത്തനങ്ങളും എല്ലാം

ഒരു പെൻഡ്രൈവിൽ അവർ ചെയ്തിരുന്നു. തിരിച്ചും മറ്റു ക്യാമ്പുകളിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാ ക്യാമ്പ്. ലാപ്ടോപ്പിനെ പറ്റി അറിയാനും അന്വേഷണ വിഭാഗത്തിലെ കൂടുതൽ വിവരങ്ങൾ അറിയാനും ഈ രണ്ടു ദിവസത്തെ ക്യാമ്പ് എന്നെ സഹായിച്ചു. തികച്ചും വളരെ മനോഹരമായിരുന്നു ആ രണ്ട് ദിവസങ്ങൾ. ആദ്യം ചെയ്ത ആ ഇൻട്രൊഡക്ഷൻ ആയിരുന്നു പിന്നീട് മനസ്സിൽ ഉണ്ടായിരുന്നത്. എന്തുതന്നെയായാലും നല്ലൊരു അനുഭവം തന്നെയായിരുന്നു സബ്ജില്ലാ ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്. ക്യാമ്പിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. ☺

## കുട്ടിപട്ടങ്ങൾ' ഓർമകളിലൂടെ....ARCHANA DAS



IT എന്നു കേൾക്കുമ്പോൾതന്നെ മുഖം ചുളിക്കുന്ന കൂട്ടത്തിൽപ്പെടുന്ന ആളായിരുന്നു ഞാൻ. 8ാം ക്ലാസിൽ പഠിക്കുന്ന സമയത്ത് IT മേഖലയിൽ കുട്ടികൾക്ക് പരിശീലനം നൽകാനായി സർക്കാർ ആരംഭിച്ച Little kites club ൽ ചേർന്നു.9-ാം ക്ലാസിൽ നിന്നുമായിരുന്നു kite നെറ ക്ലാസുകൾ തുടങ്ങിയത്.ആദ്യദിനങ്ങളിൽ കമ്പ്യൂട്ടറിന് മുന്നിലിരിക്കാൻ ആകെ മടുപ്പായിരുന്നു. ആനിമേഷനുണ്ടാക്കാനും സ്ക്രാച്ച് സോഫ്റ്റ് വെയറിൽ ഗെയിം ഉണ്ടാക്കാനും പുതിയ application ഉണ്ടാക്കാനുമൊക്കെ പഠിച്ചു തുടങ്ങി. എനിക്ക് ആനിമേഷനേക്കാൾ താൽപര്യം പ്രോഗ്രാമിനോടായിരുന്നു. ആയിടെ സബ് ജില്ലാ ക്യാമ്പിലേക്ക് പ്രോഗ്രാമിംഗ് വിഭാഗത്തിൽ സ്കൂളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. ആകെ ഒരു വെപ്രാളമായിരുന്നു.എന്നാൽ ക്യാമ്പ് ഒരിക്കലും മത്സര രൂപത്തിലായിരുന്നില്ല. 2 പകലുകളിലായി പ്രോഗ്രാമിങ്ങിന്റെ ആദ്യ പാഠങ്ങൾ അധ്യാപകർ പകർന്നു നൽകി.Scratch 2 എന്ന സോഫ്റ്റ് വെയർ പരിചയപ്പെടുകയും കുറച്ചു കൂടി നല്ല രീതിയിൽ ഗെയിമുകളും ആപ്പുകളും

ഉണ്ടാക്കാൻ പഠിക്കുകയും ചെയ്തു.തുടർന്ന് ജില്ല, ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിവരമറിഞ്ഞപ്പോ ൾ ഏറെ സന്തോഷിച്ചു. ദ്വിദിന സഹവാശാന്തമായ മനസിനോട് അവൾ പറ്റിച്ചേർന്ന് കിടന്നു..... പക്ഷേ ഒരു വലക്കണ്ണിയുടെ ദൂരമുണ്ടായിരുന്നു അതിന്, പുറം കണ്ണിൽ വെളിച്ചം പകർന്ന്, അക കണ്ണിൽ ഇരുട്ട് പേറി ,അവർ പിറകിൽ തന്നെയുണ്ട്. വാളും കുന്തവും കൈയ്യിലേന്തിയ അവരുടെ ഇരപിടുത്തം എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. ആശ്വാസത്തിന് അഭയം തേടിയത് നിദ്രയെയായിരുന്നു. പക്ഷേ ?..... കനത്ത് വരുന്ന ആവലാതികൾ എന്റെ നിദ്രയ്ക്ക് ചുറ്റും വല വീശിക്കൊണ്ടിരുന്നു.*സ ക്യാമ്പായിരുന്നു ജില്ലാ തലത്തൽ. തയ്യാറെടുപ്പെന്നോളം സ്വന്തമായി ഒരു പാട് ഗെയിമുകളും ആപ്പുകളും ഉണ്ടാക്കി നോക്കി. സർക്കലറിൽ Rasberry Pi കൊണ്ടുവരാനുള്ള നിർദേശം കണ്ടപ്പോ ട സന്തോഷമിരട്ടിച്ചു. ഒരു മിനി കമ്പ്യൂട്ടർ എന്നതിനപ്പുറം എനിക്കതിനെക്കുറിച്ച് ഒന്നുമറിയില്ലായിരുന്നു. ജില്ലാ ക്യാമ്പിൽ വെച്ച് എനിക്കേറെ ഇഷ്ടപ്പെട്ടതും Rasberry pi ഉപയോഗിച്ചുള്ള task കൾ ആയിരുന്നു. IOT യെക്കുറിച്ചും പഠിക്കാൻ കഴിഞ്ഞു. മനുഷ്യന്റെ പ്രവൃത്തിക് I T ക സാങ്കേ വഴി ഉപകരണങ്ങൾ ചെയ്യുന്നത് തങ്ങനെയെന്ന് മനസിലാക്കി. എന്റെ Pi പെട്ടെന്ന് തോന്ന കണ്ണ് യുട്ടിത്ത ചില task ഉദ്ദേശിച്ച തരത്തിൽ ചെയ്യാനാവാത്ത സങ്കടത്തോടെയായിരുന്നു അവിടെ നിന്നും മടങ്ങിയത്. എന്നാൽ ദിവസങ്ങൾക്കകം സംസ്ഥാന തല ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതായി അറിഞ്ഞു .പറഞ്ഞറിയിക്കാനറിയാത്ത വിധം സന്തോഷം.എറണാകുളം കളമശ്ശേരി Start-up mission ൽ വെച്ച് നടന്ന ക്യാമ്പിലേക്ക് കാസറഗോഡ് ജില്ലയെ പ്രതിനിധീകരിച്ച് പോയ 16 പേരിൽ ഒരാളായി ഞാനും. ഞങ്ങളോരോരുത്തരും സ്വന്തമായുണ്ടാക്കിയ ഓരോ project ഉം കൊണ്ടുപോയിരുന്നു. വിദ്യാഭ്യാസ മന്ത്രിയുടെതടക്കം പ്രമുഖരുടെ ക്ലാസുകൾ .ആദ്യ ദിവസം AR ,VR തുടങ്ങി ഏറ്റവും നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ക്ലാസുകൾ.രണ്ടാമത്തെ ദിവസവും അത്തരം ക്ലാസുകൾ പ്രതീക്ഷിച്ചിരിക്കെ കേരളത്തെ പ്രളയം വിഴുങ്ങി

തുടങ്ങി. ക്യാമ്പ് നിർത്തിവെച്ച് പിറ്റേന്ന് രാവിലെ തന്നെ ഞങ്ങൾ കാസർകോട്ടേക്ക് മടങ്ങി. ജില്ലയിലെ കുട്ടികളിൽ പലരുടെയും മുങ്ങിപ്പോയതറിഞ്ഞ് ഞങ്ങൾ ഭയപ്പെട്ടു. ട്രെയ്നുകൾ റദ്ദാക്കി. ടൂറിസ്റ്റ് ബസ് വാടകക്കെടുത്ത് ഞങ്ങൾ യാത്ര തിരിച്ചു.ബസിന്റെ പകുതിയോളം വെള്ളമായിരുന്ന പലയിടങ്ങളിലും.. എന്തു ചെയ്യണമെന്നറിയാതെ ഭയപ്പെടുത്തുന്ന കാഴ്ചകളുമായി മണിക്കൂറുകളോളം ബസിൽ.. പ്രളയമെന്താണെന്ന് അനുഭവിച്ചറിഞ്ഞു.. അധ്യാപകരോടൊപ്പം സുരക്ഷിതരായി ഞങ്ങൾ തിരിച്ചെത്തി.

Little Kites ജീവിതത്തിലെ മറക്കാനാവാത്ത ഒരു പാട് അനുഭവങ്ങളും നിമിഷങ്ങളുമാണ് സമ്മാനിച്ചത്. 10-ാം ക്ലാസ് കഴിക്കുന്നതോടുകൂടി Kite ൽ നിന്നും വിട പറയേണ്ടി വരുമെന്നതിൽ വിഷമമുണ്ടെങ്കിലും Kite തന്ന അറിവുകളും, പ്രിയപ്പെട്ട അധ്യാപകൻ രഘു മാഷും ആ നല്ല നിമിഷങ്ങളും എന്നും കൂടെയുണ്ടാവും.

## ഇഴപിരിഞ്ഞ ജീവിതം ------ Anjusha.k



ദൈവമെ... എന്തുതെറ്റാ... ഞാൻ നിന്നോട് ചെയ്തത്....
"
"ഇനിയും... ഇവിടെ നിന്നാൽ... "
" എനിക്ക് ഇന്ന രാത്രി തന്നെ രക്ഷപ്പെടണം.. "

പ്രേതബാധ കൂടിയ ഒരുവളേപോലെ അവൾ എന്തൊക്കയോ പിറുപിറുത്തു കൊണ്ടിരുന്നു. ശാന്തമായ മനസിനോട് അവൾ പറ്റിച്ചേർന്ന് കിടന്നു..... പക്ഷേ ഒരു വലക്കണ്ണിയുടെ ദൂരമുണ്ടായിരുന്ന അതിന്, പുറം കണ്ണിൽ വെളിച്ചം പകർന്ന്, അക കണ്ണിൽ ഇരുട്ട് പേറി ,അവർ പിറകിൽ തന്നെയുണ്ട്. വാളും കുന്തവും കൈയ്യിലേന്തിയ അവരുടെ ഇരപിടുത്തം എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു.
ആശ്വാസത്തിന് അഭയം തേടിയത് നിദ്രയെയായിരുന്നു. പക്ഷേ ?.....
കനത്ത് വരുന്ന ആവലാതികൾ എന്റെ നിദ്രയ്ക്ക് ചുറ്റും വല വീശിക്കൊണ്ടിരുന്നു.*
"ഡി..... എന്താ....... നീ ഇങ്ങനെ കിടന്ന് ആലോചിക്കുന്നത്.......
പോയി ഒരു ഗ്ലാസ് ഓറഞ്ച് ജ്യൂസ് കൊണ്ടുവാ..... "

തുറിച്ച കണ്ണുമായ് ആരെയും പേടിപ്പെടുത്തുന്ന രീതിയിൽ ഉള്ള ഒരു തുറിച്ച നോട്ടം അവൾക്കു നേരെ വച്ചു കൊടുത്തു.

പാവം ദേവു.... നന്നേ ക്ഷിണിച്ചിരുന്നു പറ്റില്ല എന്നു പറഞ്ഞാൽ പിന്നെ അന്നത്തെ ദിവസം ഗോവിന്ദ.

പഠിത്തത്തിൽ മുട്ടുക്കിയായ ദേവുവിനെ വീട്ടിലെ ദാരിദ്രത്തിൽ നിന്ന് കരകയറ്റാൻ വേണ്ടി അവളുടെ അമ്മാമനായി രുന്നു വേലക്കാരിയായിട്ടുള്ള പദവി വാങ്ങിച്ചു കൊടുത്തത്. അമ്മയ്ക്ക്

ഒന്നുംപറയാൻകഴിഞ്ഞിരുന്നില്ല. നിസ്സഹയായി നോക്കിയിററിക്കാനെ കഴിഞ്ഞുള്ളൂ.

നാട്ഠ വീടും ഉറങ്ങികിടക്കുന്ന സമയം മുഴുവൻ ജീവ ജന്തുക്കളും നിദ്രയിൽ. ദേവു മാത്രം അടുക്കളയുടെ ഒരു മൂലയിൽ ഇരുട്ടിൽ ചിന്തിച്ചിരിക്കുകയാണ്.

" ഇതുതന്നെയാണ് തക്കം..... ഇപ്പോൾ തന്നെ പുറത്തു കടക്കണം "

അവൾ രണ്ടു കുപ്പായവുമെടുത്ത് ബാഗിൽ ഇട്ട് ആരോടും ഒന്നും പറയാതെ പാല് കുടിക്കാൻ പോകുന്ന പൂച്ച യെ പോലെ പമ്മി പമ്മി പോയി. അർദ്ധരാത്രി, എല്ലാം നിചലമായിരിക്കുന്ന സമയം. എന്താണെന്നോ എങ്ങനെയാണെന്നോ അറിയില്ല. അവൾ അടുത്തുള്ള ഒരു പെട്ടി കടയിക്കരികിൽ പോയി.

"ചേട്ടാ.......... "

"നില മംഗലത്തിലേക്കുള്ള ബസ് പോയോ. "......

വട്ടകണ്ണടയും കട്ടി മീശയും പരുക്കൻ ശബ്ദവും ആരെയും ഒന്ന് പേടിപ്പിക്കുന്ന തരത്തിലാ യിരുന്നു സംസാരം.

"മോളെ......... കുറച്ചു നേരത്തെ പോയതേയുള്ളൂ....... ഈ രാത്രിയിൽ ഇവിടെ നിൽക്കുന്നത് അത്ര സുരക്ഷിതമല്ല. വിരോധമില്ലെങ്കിൽ എന്റെ കൂടെ വന്നോ........ നാളെ കാലത്തെ ഞാൻ എവിടെ യാണെന്നു വച്ചാൽ കൊണ്ടുവിടാം. "

ഈ നടുറോഡിൽ നിൽക്കുന്നതിനെക്കാൾ തനിക്ക് സുരക്ഷിതം ഈയാളുടെ വീടാണെന്ന് അവൾ കരുതി.

രണ്ടുപേരും യാത്രയായി. ഒന്നും അറിയാത്ത ഒരു കളിപ്പാവയെ പോലെ അവൾ അവന്റെ കൂടെ നടന്നു. ഇടയിക്ക് എന്തോ അവളുടെ മനസ്സിൽ ഒരു ഭയം കയറിക്കൂടി.

ഇടയ്ക്കിടയിക്ക് അയാൾ സിഗരറ്റ് എടുത്ത് വലിച്ചുകൊണ്ടിരുന്നു. അതിന്റെ ദുർഗന്ധം അവിടം ആകെ ഒരു വലയം തീർത്തു. തന്റെ അമ്മയുടെ മുഖം അവളുടെ മനസ്സിൽ മിന്നി മാഞ്ഞു..

"ദാ...... ആ കാണുന്ന തേച്ച വീടാണ് സൗകര്യം കുറവാണ് ഒറ്റമുറിയെ ഉള്ളു..... "

അവൾ ഒന്നും മിണ്ടിയില്ല കേട്ടു നിൽക്കമാത്രം ചെയ്യു.

വീടിനുള്ളിൽ കയറിയതും അയാൾ വീടിന്റെ സാക്ഷകൾ ബന്ധിച്ചു. പൊട്ടികരയണമെന്ന് അവൾക്ക് തോന്നി.

"ദേ.... ആ മുറിയിൽ കിടന്നോളു......... ഞാൻ പുറത്തുണ്ടാകും......... "

അവൾ മുറിയിൽ കയറി കൊളുത്തിട്ടു. കിടന്നുറങ്ങി. ക്ഷീണമുണ്ടായതിലാകണം വേഗത്തിലുറങ്ങി.

"മോളെ.......... എഴുന്നേൽ ക്ക്... സമയമായി...... "

അവൾക്ക് ഒന്നും മനസ്സിലാവുന്നുണ്ടായിരുന്നില്ല. ഇത്രയും നല്ല മനുഷ്യനെയാണോ താൻ തെറ്റുകാരനൽകിയത് അവൾക്ക് എന്തെന്നില്ലാത്ത വിഷമം തോന്നി.

"ചേട്ടാ.......... ഞാൻ ഒരു സംശയം ചോദിച്ചോട്ടെ....... "

"ചേട്ടൻ കല്യാണം കഴിച്ചില്ലേ... കുട്ടികൾ... "

അയാൾക്ക് കരച്ചിൽ പിടിച്ചൊതുക്കാനായില്ല. വിതുമ്പികൊണ്ട് പറഞ്ഞു.

" എന്റെ കുറവു കാരണം കുട്ടികളുണ്ടാവില്ല എന്നതിന്റെ പേരിൽ എന്നെ വിട്ട് അവൾ പോയി..... "

"നിന്നെ കാണുമ്പോൾ എനിക്ക് ജനിക്കാതെ പോയ എന്റെ മോളുനെ ഓർമവന്നു..... "

താൻ ചോദിച്ചത് തെറ്റായിപോയന്ന്  അവൾ ക്ക് തോന്നി.

"സോറി...... ഞാൻ അറിഞ്ഞിരുന്നില്ല..... "

അവൾ ക്ഷമാപണം നടത്തി.

"ഇനിയും വൈകിയാൽ ബസ് തെറ്റും....... വേഗം വാ......... "

"അമ്മേ....... ഞാനെ ങ്ങനെയാ ഇത്രയും സുരക്ഷിതമായി ഇവിടെയെത്തിയത്...... "

" മതി.... മതി കുപ്പായം മാറ്റ് ചായ എടുത്തുവെയ്ക്കാം..... "

"ഇല്ലമ്മേ പറഞ്ഞു തീർന്നില്ല......... എനിയു മുണ്ട്.... "അവൾ അമ്മയെ പിടിച്ചിരുത്തി. ദേവു..... നിർത്താതെ പറഞ്ഞുകൊണ്ടിരുന്നു.....



# ഇര........ശ്രീരഞ്ജിനി

ശാന്തമായ മനസിനോട് ]അവൾ പറ്റിച്ചേർന്ന് കിടന്നു.....

പക്ഷേ ഒരു വലക്കണ്ണിയുടെ ദൂരമുണ്ടായിരുന്നു അതിന്,

പുറം കണ്ണിൽ വെളിച്ചം പകർന്ന്, അക കണ്ണിൽ ഇരുട്ട് പേറി ,അവർ

പിറകിൽ തന്നെയുണ്ട്. വാളും കുന്തവും കൈയ്യിലേന്തിയ അവരുടെ

ഇരപിടുത്തം എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. ആശ്വാസത്തിന് അഭയം

തേടിയത് നിദ്രയെയായിരുന്നു.

പക്ഷേ ?.....

കനത്ത് വരുന്ന ആവലാതികൾ എന്റെ നിദ്രയ്ക്ക് ചുറ്റും വല

വീശിക്കൊണ്ടിരുന്നു.*

**അമ്മയെന്ന പ്രപഞ്ചസത്യം**

**അനുശ്രീ.കെ** **8 - C**

ഓർത്തോർത്തു വച്ച് ഞാൻ ഓർമയിൽ
ഓർമ്മയിലുള്ളതും അമ്മ മാത്രം
സ്നേഹസ്വരൂപിണി ആയ എൻയെമ്മയെ
സ്നേഹത്തോടെ ഞാൻ സ്വീകരിച്ചു
കേട്ടോർമയിൽ വച്ച് അമ്മയാന്നെന്റ ദൈവം
പാരിൽ പരന്നൊരു സ്നേഹമായി നീ
എന്നോർമയിൽ നീ എന്റെ ദൈവം
ബാല്യത്തിൽ തന്ന ശിഷ്യയ്ക്ക്
ഇന്ന് ഞാൻ അർഹ്യൻ
ബല്യത്തിൽ തന്ന ശിഷ്യയുടെ -
യുള്ളിൽ സ്നേഹവും വാത്സ്യല്യവും
എന്നും ഞാൻ കൺമുമ്പിൽ കാണുന്ന ദൈവ-
ത്തിന്റെ പേരാണ് അമ്മ
ലോകത്തിലെവിടെയും സ്നേഹത്തിന്റെ
പര്യയന്യമാണെൻ അമ്മ ഇത് പിള്ളമല്ല
ഇത് സത്യമാണ്......